LIBRARY ARCHIVES Kerala Legislative Assembly

ഗ്രാമീണ റോഡുകളും സ്റ്റേറ്റ് ഡിസ്ട്രിക്ട് ഹൈവേകളും

264(1335) ശ്രീ. സി. എഫ്. തോമസ്
ശ്രീ. തോമസ് ഉണ്ണിയാടൻ
ശ്രീ. റ്റി. യു. കുരുവിള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലവർഷക്കെടുതി തുടങ്ങി വിവിധ കാരണങ്ങളാൽ പൊട്ടി പൊളിഞ്ഞ് കിടക്കുന്ന ഗ്രാമീണ റോഡുകളും സ്റ്റേറ്റ്-ഡിസ്ട്രിക്ട് ഹൈവേകളും അടിയന്തരമായി അറ്റകുറ്റപ്പണി നടത്തി സഞ്ചാര യോഗ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ എന്തൊക്കെ;

(ബി) റോഡുകൾ കുഴിയ്ക്കുന്നതിനുള്ള നിർദ്ദേശങ്ങളും തുടർപ്രവർത്തനങ്ങളും കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കാലവർഷക്കെടുതി തുടങ്ങി വിവിധ കാരണങ്ങളാൽ പൊട്ടി പൊളിഞ്ഞ് കിടക്കുന്ന ഗ്രാമീണ റോഡുകളും സ്റ്റേറ്റ്-ഡിസ്ട്രിക്ട് ഹൈവേകളും അടിയന്തരമായി അറ്റകുറ്റപ്പണി നടത്തി സഞ്ചാരയോഗ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇതിനായി എക്സി. എഞ്ചിനീയർമാരുടെ റിപ്പോർട്ട് പ്രകാരവും ജനപ്രതിനിധികളുടെ ആവശ്യപ്രകാരവും നോൺ പ്ലാൻ ഫണ്ടിൽ നിന്നും വിവിധ പണികൾക്കായി ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതുമുഖേന പല റോഡുകളും ഗതാഗതയോഗ്യമാക്കി തീർക്കുകയും ബാക്കി റോഡുകളുടെ പണി പുരോഗമിച്ചുവരികയും ചെയ്യുന്നു.

(ബി) റോഡുകൾ കുഴിക്കുന്നതിനുള്ള നിർദ്ദേശങ്ങളും തുടർപ്രവർത്തനങ്ങളും കർശനമായി പാലിക്കുന്നുണ്ടെന്ന് ഉറപ്പ് വരുത്തുന്നതിന് അടിയന്തര നടപടി സ്വീകരിച്ചിട്ടുണ്ട്.

തിരൂർ നിയോജക മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ

265(1336) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യത്തിന് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പി.ഡബ്ല്യു.ഡി. മുഖേന തിരൂർ നിയോജക മണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണെന്നും, ഒരോ പദ്ധതിക്കും ഇതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട് എന്നും വ്യക്തമാക്കുമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പി.ഡബ്ല്യു.ഡി. മുഖേന തിരൂർ നിയോജകമണ്ഡലത്തിൽ നടപ്പാക്കിയ പദ്ധതികളും ഓരോ പദ്ധതിക്കും എത്ര തുക ചെലവായിട്ടുണ്ട് എന്നുമുള്ള വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്